## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ **1855**

**07.03.2017 ൽ മറുപടിക്ക്**

### കളക്ടർമാർക്ക് ഗ്രേഡിംഗ്

**ചോദ്യം:**
**ശ്രീ. ടി. വി. ഇബ്രാഹിം**

**ഉത്തരം :**
**ശ്രീ. പിണറായി വിജയൻ**
**(ബഹു: മുഖ്യമന്ത്രി)**

**(എ)** സംസ്ഥാനത്തെ കളക്ടർമാർക്ക് അവരുടെ പ്രവർത്തനമികവ് കണക്കിലെടുത്ത് ഗ്രേഡിംഗ് ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ; എങ്കിൽ അതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ: വിശദമാക്കുമോ:

**(ബി)** ഇത്തരത്തിൽ ലഭിക്കുന്ന ഗ്രേഡ് അവരുടെ സർവ്വീസിൽ എന്തൊക്കെ നേട്ടങ്ങൾക്ക് കാരണമാകുന്നുവെന്ന് വ്യക്തമാക്കുമോ;

**(സി)** ഗ്രേഡിംഗ് നൽകുന്നതിനും ആയത് തീരുമാനിക്കുന്നതിനും ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്?

**(എ), (ബി) & (സി):** ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ 2007-ലെ ആൾ ഇൻഡ്യാ സർവ്വീസസ് (പെർഫോമൻസ് അപ്രൈസൽ റിപ്പോർട്ട്) റൂൾസ് പ്രകാരം ജില്ലാ കളക്ടർമാർ ഉൾപ്പെടെ എല്ലാ ആൾ ഇൻഡ്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെയും പ്രവർത്തനം വിലയിരുത്തിക്കൊണ്ടുള്ള ഗ്രേഡിംഗ് നൽകി വരുന്നുണ്ട്. പെർഫോമൻസ് അപ്രൈസൽ റിപ്പോർട്ടിലെ രേഖപ്പെടുത്തലുകളും ഗ്രേഡിംഗും ആണ് ആൾ ഇൻഡ്യാ സർവ്വീസ് ഉദ്യോഗസ്ഥരുടെ പ്രൊമോഷനും കേന്ദ്ര സർക്കാരിനു കീഴിലുള്ള വിവിധ നിയമനങ്ങൾക്കും പരിഗണിക്കുന്നത്.

സെക്ഷൻ ഓഫീസർ